## ആമുഖം

'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിനിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ ഏഴാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിനിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിനിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അര ലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെയും കുടുംബത്തെയും സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് — ജനറൽ കൺവീനർ
10-12-2007



# പ്രവാചകന്മാർ അല്ലാഹു നിശ്ചയിച്ച മാർഗദർശികൾ

**ഇ**തര ജീവജാലങ്ങളെ അപേക്ഷിച്ച്, ജ്ഞാന സമ്പാദന മാർഗങ്ങൾക്കായുള്ള സവിശേഷ സിദ്ധികൾ ഏറെ നൽകപ്പെട്ടവനാണല്ലോ മനുഷ്യൻ. സാധ്യമായ എല്ലാ സങ്കേതങ്ങളിലേക്കും അന്വേഷണ മനസ്ഥിതിയോടെ മുന്നേറാൻ അവനെ സഹായിച്ചത് ഈ സിദ്ധിയാണ്. തന്റെ പരിധിയിൽ ലഭ്യമായ വസ്തുക്കളുടെയൊക്കെ ഗുണവിശേഷങ്ങൾ വിലയിരുത്താനും എല്ലാറ്റിനും ഉചിതമായ പേരു നൽകാനുമായ മനുഷ്യന് നൽകിയ ശേഷിയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നുണ്ട്. (2 :31).

ഇതൊക്കെയുണ്ടെങ്കിലും, തന്റെ സൃഷ്ടിപ്പിന്റെ പിന്നിലുള്ള യഥാർഥ ഉദ്ദേശ്യലക്ഷ്യങ്ങളും ഏറെ മഹത്വമുള്ള ഒരു സൃഷ്ടിയെന്ന നിലക്ക് തന്റെ ആയുഷ്കാലംകൊണ്ട് ചെയ്തു തീർക്കേണ്ട കാര്യങ്ങളും എന്തൊക്കെയെന്നറിയാൻ, അവന്റെ ജ്ഞാനം അപര്യാപ്തമാണ്. അത് ദൈവികമായി ലഭിക്കേണ്ടത് അവശ്യം ആവശ്യമായിരിക്കുമെന്ന് സ്രഷ്ടാവ് ചൂണ്ടിക്കാട്ടുന്നുണ്ട്. "മാർഗദർശനം എന്നിൽ നിന്ന് വന്നുകിട്ടുന്ന പക്ഷം, എന്റെ മാർഗദർശനത്തെ അനുധാവനം ചെയ്യുന്നതാരോ, അവർക്ക് ഭയപ്പെടേണ്ടതോ, വ്യസനിക്കേണ്ടതോ ഇല്ല (2:38)."

മനുഷ്യന് മുമ്പിൽ എന്നെന്നേക്കുമായി സമർപ്പിക്കപ്പെടുന്ന മാർഗദർശനം, അവനെക്കുറിച്ച് സൂക്ഷ്മവും വസ്തുനിഷ്ഠവുമായ അറിവ് വേണ്ടുവോളമുള്ള ഒരു കേന്ദ്രത്തിൽ നിന്നുള്ളത് തന്നെയായിരിക്കണം. മാത്രമല്ല, അതിലെ നിർദേശങ്ങൾ പ്രവർത്തിക്കാൻ സാധ്യവും, കാല - ദേശ ഭേദങ്ങൾക്കപ്പുറം പ്രായോഗികവുമാവണം.

തന്റെ ജീവിതത്തിൽ പാലിക്കേണ്ട വളരെയേറെ പ്രാധാന്യമുള്ള നിർദേശങ്ങൾ മനുഷ്യനെ പഠിപ്പിക്കാനും, അവയുടെ പ്രായോഗികത വേണ്ടത്ര ബോധ്യപ്പെടുത്തുമാറ് അവ ജീവിതത്തിൽ പകർത്തി മാതൃക കാണിക്കാനുമാണ് വിവിധ കാലങ്ങളിലും ദേശങ്ങളിലുമായി അല്ലാഹു മനുഷ്യരായ ദൂതന്മാരെ നിയോഗിക്കുകയുണ്ടായത്. അവരാണ് നബിമാർ (പ്രവാചകൻമാർ). അവരിൽ ചിലർക്ക് ഗ്രന്ഥങ്ങൾ നൽകി. ഇബ്രാഹീം, ദാവൂദ്, മൂസാ, ഈസാ(അ) തുടങ്ങിയ പ്രവാചകൻമാരിലൂടെ മാനവതക്ക് നൽകിയ ഗ്രന്ഥങ്ങളുടെ കാര്യം വിശുദ്ധ ഖുർആൻ പരാമർശിക്കുന്നുണ്ട്.

പ്രവാചക പരമ്പരയിലൊടുവിലെ കണ്ണിയായി മുഹമ്മദ് നബി(സ)യെ അല്ലാഹു നിയോഗിച്ചു. കാല - ദേശ വർഗ പരിഗണനകൾക്കതീതമായി, അല്ലാഹു നിയോ

ഗിച്ച സകല ദൈവദൂതൻമാരുടെയും പ്രവാചകത്വം അംഗീകരിക്കുകയും അവരുടെ പവിത്രതയും മഹത്വവും ശരിവെക്കുകയും ചെയ്യുന്നവൻ മാത്രമാണ് യഥാർഥ ഭക്തനും വിശ്വാസിയുമാവുന്നത്. അത് ഈമാൻ (വിശ്വാസ) കാര്യങ്ങളിൽപ്പെട്ടതാണ്.

**പ്രവാചകനോടുള്ള ബന്ധം**

ഏതൊരാളുടെയും താല്പര്യങ്ങൾ, താൻ കൊണ്ടുവന്ന സത്യസന്ദേശത്തിന് അനുഗുണമായി വരുമ്പോൾ മാത്രമാണ് അയാൾ സത്യവിശ്വാസിയാവുന്നതെന്ന് പ്രവാചകൻ വിശദീകരിക്കുന്നു. ഓരോ വ്യക്തിക്കും സ്വന്തം മാതാപിതാക്കൾ, സന്താനങ്ങൾ എന്നു വേണ്ട അഖില ജനങ്ങളേക്കാളും പ്രിയങ്കരൻ പ്രവാചകനായിരിക്കണം. അതാണ് വിശ്വാസികൾക്ക് പ്രവാചകനുമായുള്ള ബന്ധം. നബി(സ)യുടെ മരണശേഷം അദ്ദേഹത്തിന്റെ ചര്യയെ പിൻപറ്റുന്നതിലൂടെയാണ് ആ ബന്ധം സ്ഥാപിതമാകുന്നത്.

ഖുർആൻ വ്യക്തമാക്കുന്നത് കാണുക: "(നബിയേ) പറയുക. നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ മക്കളും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും, നിങ്ങൾക്ക് അല്ലാഹുവെക്കാളും, അവന്റെ ദൂതനേക്കാളും, അവന്റെ മാർഗത്തിലുള്ള സമരത്തേക്കാളും, പ്രിയപ്പെട്ടതായിരുന്നാൽ, അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല.(9:24)"

'എന്നെക്കഴിച്ചാൽ, എനിക്ക് ഏറ്റവും പ്രിയങ്കരൻ അങ്ങാണ് പ്രവാചകരേ' എന്ന് പറഞ്ഞ ഉമറുബ്നുൽ ഖത്താബി(റ)നോട് റസൂൽ പറഞ്ഞത്, 'അത് പറ്റില്ല, നിന്നെക്കാളും നിനക്ക് പ്രിയങ്കരനായിരിക്കണം ഞാൻ' എന്നാണ്. ഇപ്പോൾ എനിക്ക് എന്നെക്കാൾ പ്രിയങ്കരൻ തന്നെയാണ് അങ്ങ്, അല്ലാഹു സത്യം' എന്ന് അദ്ദേഹം പറഞ്ഞു. 'ഇപ്പോൾ ശരിയായി ഉമറേ' എന്ന് പ്രവാചകൻ പ്രതിവചിച്ചു.

അല്ലാഹുവോടും പ്രവാചകനോടുമുള്ള സ്നേഹം, പൂർണത കൈവരിക്കുന്നത് അവരുടെ നിർദേശങ്ങൾ പാലിക്കുന്നതിലുള്ള നിഷ്ഠക്കനുസരിച്ചാണ്. "(നബിയേ) പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, എന്നെ നിങ്ങൾ പിന്തുടരുക, എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.(3:31)

**പ്രവാചക സ്നേഹത്തിന്റെ വിശാല മേഖലകൾ**

പ്രവാചകൻ നൽകിയ നിർദേശങ്ങൾ പ്രാവർത്തികമാക്കലും വിലക്കുകളിൽ നിന്ന് മാറിനിൽക്കലുമാണ് പ്രവാചക സ്നേഹത്തിന്റെ പ്രഥമവും പ്രധാനവുമായ ഘടകം. അന്യൂനമായ മാതൃക, പ്രവാചക മാതൃകയാണ്. അദ്ദേഹം നൽകുന്ന തീർപ്പുകളംഗീകരിക്കുന്ന വിഷയത്തിൽ, മനസ്സിൽ നേരിയ നീരസം പോലും ഉണ്ടായിക്കൂടാ.

പ്രവാചകന്റെ മഹിതമായ സംസ്കാരം, മര്യാദ, അദ്ദേഹത്തിന്റെ പെരുമാറ്റ രീതികൾ, വിശിഷ്ട സ്വഭാവങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളാൻ മുന്നോട്ടുവരുകയെന്നതാണ് പ്രവാചക സ്നേഹത്തിന്റെ ലക്ഷണം. 'ഖുർആനാ'യിരുന്നു അവിടുത്തെ സ്വഭാവമെന്ന് സത്യവിശ്വാസികളുടെ മാതാവ് ആഇശ(റ) വ്യക്തമാക്കുന്നുണ്ട്. ഉജ്ജ്വലവും ഉദാത്തവുമായ ആ മാതൃക ഒപ്പിയെടുത്തുകൊണ്ടുള്ള ജീവിതമാണ് ഖലീഫമാരും ഇതര സ്വഹാബികളും കാഴ്ചവെച്ചത്.



മറ്റു മനുഷ്യരോടുള്ള അടുപ്പവും സഹവാസവും, അകൽച്ചയുമൊക്കെ പ്രവാചകനോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. നബി(സ) പഠിപ്പിച്ചതായി അനസ്(റ) ഉദ്ധരിക്കുന്നു. "മൂന്നു കാര്യങ്ങൾ ഒരാളിലുണ്ടായാൽ, സത്യവിശ്വാസത്തിന്റെ മധുരിമ അയാൾ അനുഭവിച്ചു. മറ്റുള്ളവരേക്കാൾ അല്ലാഹുവും റസൂലും തനിക്ക് പ്രിയപ്പെട്ടവരാവുക, ഒരു മനുഷ്യനെ സ്നേഹിക്കുന്നത് അല്ലാഹുവിന്ന് വേണ്ടിയുള്ള സ്നേഹം മാത്രമായിത്തീരുക, തീയിലേക്ക് തന്നെ എടുത്തെറിയുന്നത് എത്ര അനിഷ്ടകരമാണോ, അതുപോലെ, വിശ്വാസ നിഷേധത്തിലേക്ക് തിരിച്ചുപോകുന്നത് അനിഷ്ടകരമായിരിക്കുക" (ബുഖാരി, മുസ്ലിം).

ഭക്ഷണ പാനീയങ്ങളുടെ സാക്ഷാൽ സ്വാദ്, ശരിയായ ആരോഗ്യാവസ്ഥയിലേ അനുഭവിച്ചറിയാനാവൂ എന്നത്പോലെ, ഈമാനിന്റെ യഥാർഥ മധുരം ഹൃദയത്തിന് അനുഭവവേദ്യമാവാൻ മാനസികമായ സുസ്ഥിതി ആവശ്യമാണ്. അവിടം രോഗാതുരമാവുകയും സന്തുലിതാവസ്ഥക്ക് മാറ്റം വരികയും ചെയ്യുമ്പോൾ, ഒരു പക്ഷേ തനിക്ക് അപകടം വരുത്തുന്ന കാര്യങ്ങളെയായിരിക്കും മനുഷ്യൻ ഹൃദ്യമായി കാണുന്നത്. ശരിയായ വിശ്വാസിയായിരിക്കെ, ഒരു വ്യഭിചാരിക്ക് വ്യഭിചാരത്തിലേർപ്പെടാനാവില്ല" യെന്ന് പ്രവാചകൻ (സ) ഉണർത്തിയത് വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധമാണ് കാണിക്കുന്നത്.

**പ്രവാചകൻമാരുടെ മാർഗം**

യഥാർഥ വിശ്വാസം ഹൃദയത്തിലുറക്കുകയും, അതിന്റെ മാധുര്യം അനുഭവിച്ചറിയുകയും ചെയ്യുന്നതോടെ, വിശ്വാസവർധനവിന്നായുള്ള മോഹവും അഭിനിവേശവും വർധിക്കും. അതിൽ ഉറച്ചു നിൽക്കും. അതുമായി പിരിയുകയെന്നത് ഏറെ അസഹ്യമായി മാറും. പ്രവാചകൻ (സ) ജീവിച്ചു കാണിച്ച മാതൃകയിൽ അങ്ങേയറ്റത്തെ ഹൃദ്യത ഉണ്ടായിത്തീരും. "നിങ്ങൾക്ക് അല്ലാഹു വിശ്വാസം പ്രിയങ്കരവും ഹൃദയങ്ങളിൽ സുന്ദരവും ആക്കിത്തരുകയും, സത്യനിരാസം, അധർമം, ധിക്കാരം എന്നിവ നിങ്ങൾക്ക് അവൻ ഏറെ വെറുപ്പുള്ളതാക്കി മാറ്റുകയും ചെയ്തിരിക്കുന്നു (49:7)"

**പ്രവാചകൻ കാരുണ്യവാൻ**

കേവലം ഒരു സന്ദേശവാഹകൻ എന്നതിലുപരി മനുഷ്യരോട് അങ്ങേയറ്റം കാരുണ്യം കാണിച്ചുകൊണ്ട് ദൈവിക നിയമങ്ങൾ നടപ്പിലാക്കുകയായിരുന്നു മുഹമ്മദ് നബി(സ). 'ലോകർക്ക് കാരുണ്യമായല്ലാതെ താങ്കളെ നാം അയക്കുകയുണ്ടായിട്ടില്ല' എന്ന അല്ലാഹുവിന്റെ വചനം അവിടുത്തെ കാരുണ്യത്തിന്റെ മഹത്വവും ആഴവും ബോധ്യപ്പെടുത്തുന്നു.

'ഏതൊരു പ്രവാചകനും തനിക്ക് പ്രാർഥിക്കാനുള്ള ഒരു പ്രാർഥനയുണ്ടെന്നും എന്റെ പ്രാർഥന, പുനരുത്ഥാന നാളിൽ സത്യവിശ്വാസികൾക്കുവേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്യാനെന്ന നിലക്ക് സൂക്ഷിച്ചു വയ്ക്കാൻ ഞാൻ ഉദ്ദേശി

ക്കുന്നു' എന്ന് പറയുന്നത് നബി(സ)തന്നെയാണ്.

അച്ചടക്ക ലംഘനം, അനുസരണക്കേട് എന്നിവമൂലം ഒരു യുദ്ധത്തിന്റെ ഗതി തന്നെ മാറ്റി പരാജയത്തിലെത്താനിടയായ സന്ദർഭമാണല്ലോ ഉഹ്ദ്. ഇതിനു കാരണക്കാരായി വർത്തിച്ചവരോടുപോലും കാരുണ്യവാനായ പ്രവാചകൻ മൃദുലമായി പെരുമാറിയത്, അല്ലാഹുവിൽ നിന്നു ലഭിച്ച കാരുണ്യം കൊണ്ടായിരുന്നു.

ദീർഘിച്ച ഖുർആൻ പാരായണത്തോടും കീർത്തനങ്ങളോടും കൂടി നമസ്കാരം നിർവഹിക്കണമെന്ന ഉദ്ദേശ്യത്തോടെ, നമസ്കാരത്തിന് നേതൃത്വം നൽകുന്ന ഘട്ടങ്ങളിൽ നബി(സ) കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് ആ നമസ്കാരം ലഘുവാക്കാറുണ്ട്. പല കാര്യങ്ങളും നിർബന്ധമായി കൽപ്പിക്കാത്തത്, തന്റെ സമുദായത്തിന് ഞാൻ ഒരു പ്രയാസം സൃഷ്ടിക്കുകയാകുമോ എന്ന് ആശങ്ക കൊണ്ടാണ് എന്ന അദ്ദേഹം വിശദീകരിക്കുന്നു. മുഹമ്മദ്(സ)യുടെ കാരുണ്യത്തിന് നിരവധി ഉദാഹരണങ്ങൾ നിരത്താൻ സാധിക്കും.

**നാം ചെയ്യേണ്ടത്**

അല്ലാഹുവെ രക്ഷകനായും ഇസ്‌ലാമിനെ ജീവിതത്തിൽ പാലിക്കാനുള്ള മതമായും ഉൾക്കൊള്ളേണ്ട വിശ്വാസി, മുഹമ്മദ് നബി(സ)യെ ദൈവം നിയോഗിച്ച ദൂതനായി അംഗീകരിച്ചേ മതിയാവൂ. അവിടുത്തെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊള്ളുക എന്നതത്രെ അല്ലാഹുവിനെ അനുസരിക്കുവാനായി നാം ചെയ്യേണ്ടത്. "റസൂലിനെ അനുസരിക്കുന്നവരാരോ, അവർ അല്ലാഹുവെ അനുസരിച്ചു, ആരെങ്കിലും ഇതിനു സന്നദ്ധനാവാതെ പുറം തിരിഞ്ഞു നിന്നാൽ അവരെ കൈകാര്യം ചെയ്യേണ്ട ബാധ്യത താങ്കൾക്കില്ല (4:80)"

പ്രവാചകൻ(സ) അരുളി: "എന്റെ സമുദായമൊന്നടങ്കം സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവരൊഴികെ, അവർ (അനുചരർ) ചോദിച്ചു: പ്രവാചകരേ, ആരാണ് വിസമ്മതിക്കുന്നവൻ? അവിടുന്ന് പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കും. എന്നെ ധിക്കരിക്കുന്നവരാരോ അവർ വിസമ്മതിച്ചു."

നരകപ്രവേശം, എല്ലാ തരത്തിലുമുള്ള പരീക്ഷണങ്ങൾ, മാർഗഭ്രംശം, പരിഹാരമില്ലാത്ത ഖേദം തുടങ്ങിയ കാര്യങ്ങളാണ് അല്ലാഹുവെയും ദൂതനെയും ധിക്കരിക്കുന്നതിന്റെ പരിണതിയായി വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകുന്നത്.

**നാം ചെയ്യരുതാത്തത്**

സത്യവിശ്വാസിയും ധർമനിഷ്ഠനുമായ ഒരാളുടെ ജീവിതത്തിൽ പ്രവാചക പുംഗവനുണ്ടായിരിക്കേണ്ട സ്ഥാനം എന്താണെന്ന് നാം മനസ്സിലാക്കി. പ്രവാചക സ്നേഹമെന്നത് ഏതൊരു വിശ്വാസിക്കും ഒഴിച്ചുകൂടാനാവാത്ത കാര്യമാണെന്ന് വ്യക്തമാണ്. എന്നാൽ, ഏതു കാര്യത്തിനും പാലിക്കപ്പെടേണ്ട നിയതമായ രൂപവും ശൈലിയും ഈ വിഷയത്തിലും നാം മുറുകെപ്പിടിക്കേണ്ടതുണ്ട്. പരിധിക്കപ്പുറത്തേക്ക് യാതൊന്നും പോയിക്കൂടാ, വേദക്കാരേ, "മത വിഷയങ്ങളിൽ നിങ്ങൾ അതിരു കവിയരുത് എന്നു പറയൂ"(5:77) എന്ന ആഹ്വാനം, വിശുദ്ധ ഖുർആനിന്റെ അനുയായികൾക്കും ബാധകമാണ്. ഈസാ(അ)യെ ആദരിക്കുന്നതിൽ പരിധി ലംഘിക്കുകയും ദിവ്യത്വ പദവിയിലേക്ക് ഉയർത്തുക എന്ന കൊടിയ പാതകം ചെയ്യാനിടവരുകയും ചെയ്ത ക്രൈസ്തവ സഹോദരങ്ങളുടെ കാര്യം ശക്തമായ സ്വരത്തിൽ ഖുർആൻ നമുക്ക് മുന്നിൽ വയ്ക്കുന്നു. ഉസൈറി(റ)നെ



ദൈവപുത്രനായി വിശേഷിപ്പിച്ച യഹൂദരുടെയും, മസീഹ് ഈസബ്നു മർയമിനെ ദൈവപുത്രനായി അവതരിപ്പിച്ച ക്രൈസ്തവരുടെയും നേർക്ക് ശാപത്തിനായുള്ള പ്രാർഥനയാണ് ഖുർആനിൽ (9:30) നാം കാണുന്നത്. വ്യവസ്ഥാപിതമായ ഒരു അറിവിന്റെയും പിൻബലമില്ലാതെ, 'അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു' എന്നു പറയുന്നവർക്ക് ശക്തമായ താക്കീത് നൽകാൻ കൂടിയാണ് തന്റെ അടിമയായ പ്രവാചകന് ഈ ഗ്രന്ഥം (ഖുർആൻ) അവതരിപ്പിച്ചുകൊടുത്തിട്ടുള്ളതെന്നും (18 :4,5) "പരമാകാരുണികന് സന്താനമുണ്ട് എന്ന് ആളുകൾ പറഞ്ഞതിനാൽ, ആകാശങ്ങൾ പൊട്ടിയടരാനും ഭൂമി പിളരാനും പർവതങ്ങൾ തകർന്ന് വീഴാനുമായിരിക്കുന്നു" എന്നും ഖുർആൻ (19 : 90,91) വ്യക്തമാക്കുന്നു. പ്രവാചകരുടെയും സദ്‌വൃത്തരുടെയും ഖബ്റുകളെ ആരാധനാ കേന്ദ്രങ്ങളാക്കി മാറ്റിയവേദക്കാരായ ജനവിഭാഗങ്ങളുടെ രീതി, നിങ്ങൾക്ക് ഞാൻ തടയുക തന്നെ ചെയ്യുന്നു' എന്ന് മുഹമ്മദ് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. 'എന്റെ ഖബ്റിനെ നിങ്ങൾ ആരാധിക്കപ്പെടുന്ന ഒരു വിഗ്രഹമാക്കരുത്' എന്ന് മരണശയ്യയിൽ കിടന്നുകൊണ്ടുള്ള നബിയുടെ വസിയ്യത്തിനെയും തികഞ്ഞ ഗൗരവത്തോടെ കാണണം.

**അതിശയോക്തി കലർന്ന വിശേഷണങ്ങൾ**

അനർഹവും അസത്യവുമായ ഒട്ടേറെ സവിശേഷതകൾ പ്രവാചകനുമായി ബന്ധപ്പെടുത്തി പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിക വിജ്ഞാനം ആഴത്തിൽ ലഭിച്ചിട്ടില്ലാത്ത സാധാരണ ജനങ്ങൾ പുണ്യമെന്നു കരുതി അവ സ്വീകരിക്കുന്നു. സകല പ്രവാചകൻമാർക്കും മുമ്പേ മുഹമ്മദ് നബി സൃഷ്ടിക്കപ്പെടുകയും, പ്രവാചകത്വവുമായി നിയോഗിക്കപ്പെടുകയും ചെയ്തു എന്നിങ്ങനെയാണ് അതിലൊന്ന്.

അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്ന് പ്രവാചകൻ സൃഷ്ടിക്കപ്പെട്ടെന്നും സകല ലോകവും ആ പ്രകാശത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടെന്നുമാണ് മറ്റൊന്ന്. പ്രാമാണികമായി തെളിവില്ലാത്ത ഈ പ്രചാരണങ്ങളിൽ പലതരം അപാകതകളും അപായങ്ങളും നിറഞ്ഞു നിൽക്കുന്നു. പ്രവാചകൻ മനുഷ്യനാണ് എന്ന സത്യത്തിന്റെ നിരാസമാണ് ഇവിയിലൊന്ന്.

മനുഷ്യസാധ്യമല്ലാത്ത ഒട്ടേറെ കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അത്ഭുതകരമാംവിധം അവ തങ്ങൾക്കു പ്രാപ്യമാക്കിത്തന്നെങ്കിൽ മാത്രമേ നിന്റെ പ്രവാചകത്വം ഞങ്ങൾ വിശ്വസിക്കൂ എന്ന് ദുരുദ്ദേശ്യപൂർവം പറഞ്ഞ സത്യനിഷേധികളോട്, 'എന്റെ റബ്ബ് പരിശുദ്ധൻ! ഞാൻ ദൂതനായ ഒരു മനുഷ്യനല്ലയോ? (17:93) എന്നു ചോദിക്കാനാവശ്യപ്പെടുകയാണ് ചെയ്തത്. "പറയുക, അല്ലാഹുവിന്റെ പേരിൽ വ്യാജം ചമയ്ക്കുന്നവർ, വിജയിക്കുകയില്ല (12:69) എന്ന ഖുർആൻ വചനം ഓർമിക്കേണ്ടതാണ്. സൃഷ്ടികളൊക്കെയും ദൈവത്തിന്റെ അംശമാണെന്ന ധാരണ കൊണ്ടു നടക്കുന്ന അദ്വൈത സിദ്ധാന്തത്തിന്റെ സ്വാധീനം ഇത്തരം വാദങ്ങളുടെ പിറകിൽ ഉണ്ട്. സൂഫിസത്തിന്റെ വക്താക്കളായി അറിയപ്പെടുന്ന ഇബ്നു അറബി, ഇബ്നു സബ്ഈൗൻ, ഹല്ലാജ്, ബസ്ത്വാമി പോലുള്ള ആളുകളെ സ്വാധീനിച്ചത് പ്രാചീന യവന -ഭാരതീയ ദർശനങ്ങളാണ്.

'ക്രൈസ്തവർ ഈസബ്നു മർയമി(അ)നെ അമിതമായി പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ അമിതമായി പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ അടിമ മാത്രമാണ്. അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമായിട്ടുള്ളവൻ എന്നു (മാത്രം)

പറയുക'. എന്ന നബി(സ)യുടെ നിർദേശത്തെ പ്രവാചക സ്നേഹത്തിന്റെ പേരിൽ അവഗണിക്കുന്നത് ഗുരുതരമായ തെറ്റ് തന്നെ. ചില സംഭവങ്ങൾ കാണുക.

അനസ്(റ) റിപ്പോർട്ട് ചെയ്യുന്നു. "ഒരാൾ, മുഹമ്മദേ, ഞങ്ങളുടെ നേതാവേ, ഞങ്ങളുടെ നേതാവിന്റെ പുത്രാ, ഞങ്ങളിൽ ഉത്തമനായിട്ടുള്ളവനേ, ഞങ്ങളിൽ ഉത്തമനായിട്ടുള്ളയാളുടെ പുത്രാ, എന്നിങ്ങനെ വിളിച്ചു. അന്നേരം പ്രവാചകൻ (സ) ഇങ്ങനെ പറഞ്ഞു: മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ വിശ്വാസം മുറുകെപ്പിടിക്കുക. പിശാച് നിങ്ങളെ ഇഛകൾക്കിരയാക്കാൻ ഇടയുണ്ടാക്കയുമരുത്. ഞാൻ, അബ്ദുല്ലയുടെ മകൻ മുഹമ്മദാണ്. അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണ്. അല്ലാഹു എന്നെ അവരോധിച്ച പദവിക്കപ്പുറത്തേക്ക് നിങ്ങളെന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല, അല്ലാഹു സത്യം." നിങ്ങളോട് നിരോധിച്ച അമിത പ്രശംസ നിങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കാൻ പിശാചിനിഷ്ടപ്പെടുന്ന അവസ്ഥയുണ്ടാക്കരുത് എന്ന താക്കീതാണു ഇവിടെയുള്ളത്.

പ്രവാചകന്റെ മുമ്പിൽ വെച്ച് ദഫ് മുട്ടി, അദ്ദേഹത്തെ പ്രശംസിച്ച് പാട്ടുപാടിയിരുന്ന കൊച്ചു പെൺകുട്ടികളുടെ നാവിൽ നിന്ന് 'നാളെ (ഭാവിയിൽ)വരാനുള്ള കാര്യങ്ങൾ അറിവുള്ള ഒരു നബി ഞങ്ങളുടെ കൂടെയുണ്ട്' എന്ന് അർഥം വരുന്ന ഈരടികൾ പുറത്തു വന്ന സമയത്ത് 'ഇങ്ങനെ പറയല്ലേ, നേരത്തെ പറഞ്ഞിരുന്നത് പോലെ പറഞ്ഞാൽ മതി' എന്നു തിരുത്തിയ സംഭവം ഇമാം ബുഖാരി (റ) ഉദ്ധരിക്കുന്നുണ്ട് . അദൃശ്യജ്ഞാനത്തിന്റെ താക്കോലുകൾ അല്ലാഹുവിന്റെയടുക്കൽ ആകുന്നുവെന്നും, അവൻ അല്ലാതെ അത് മറ്റാരും അറിയില്ലെന്നും (6 : 59) ഉണർത്തുന്ന ഖുർആൻ വചനം നമുക്ക് പാഠമായിരിക്കട്ടെ. 'അല്ലാഹു ഉദ്ദേശിച്ചതും താങ്കൾ ഉദ്ദേശിച്ചതും (നടക്കും)' എന്നിങ്ങനെ നബി(സ)യോട് പറഞ്ഞയാളോട് 'നീ എന്നെയും അല്ലാഹുവെയും തുല്ല്യരാക്കിയോ? എന്ന കടുത്ത ചോദ്യം ഉന്നയിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ തിരുത്തിപ്പറഞ്ഞു. 'ഇല്ല, 'അല്ലാഹു മാത്രം ഉദ്ദേശിച്ചത്?' ഉപരി സൂചിതകാര്യങ്ങൾ പ്രവാചകനെ മോശമാക്കി പറഞ്ഞതായിരുന്നില്ലല്ലോ. അമിത പ്രശംസ നബി വിലക്കി. ഇല്ലാത്ത കാര്യങ്ങൾ നബിയെപ്പറ്റി ഒരിക്കലും പറഞ്ഞുകൂടാ.

**പ്രവാചക നിന്ദ**

അല്ലാഹുവിന്റെ ദൂതനെ അപഹസിക്കുകയും ഇകഴ്ത്തുകയും ചെയ്യുന്നതിലൂടെ, അവിടുന്ന് ലോകത്തിനു മുമ്പിൽ പ്രകാശിതമാക്കിയ സത്യപ്രകാശത്തെ ഇല്ലായ്മ ചെയ്തുകളയാം എന്ന അധമ ചിന്ത പണ്ടെന്നപോലെ ഇന്നും വെച്ചുപുലർത്തുന്നവരുണ്ട്. കളവ് പറയുന്നവൻ, ഭ്രാന്തുള്ളവൻ, മായാവിദ്യ കാണിക്കുന്നവൻ, മുൻകാലക്കാരുടെ ഇതിഹാസങ്ങളിൽ നിന്ന് വിവരങ്ങൾ ചികഞ്ഞെടുക്കുന്നവൻ എന്നിങ്ങനെ പോകുന്നു പ്രവാചകന്റെ കാലത്ത് അദ്ദേഹത്തെ ഉൾക്കൊള്ളാൻ സഹിഷ്ണുതയില്ലാതിരുന്നവരുടെ ആരോപണങ്ങൾ.

അധമ മനസ്സിന്റെ വികാരങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട്, നിലവാരമില്ലാത്ത സാഹിത്യങ്ങളിലൂടെയും കാർട്ടൂണുകളിലൂടെയും മറ്റും പ്രവാചകനെ വികലമായി ചിത്രീകരിച്ച് 'സായൂജ്യ'മടയുന്നവരെക്കുറിച്ചാണ് പുതിയ വാർത്തകൾ. ഈ നെറികേടുകൾ മാന്യമായ ഭാഷയിൽ തുറന്നു കാട്ടുകയും സത്യാന്വേഷികൾക്ക് പ്രയോജനപ്പെടും വിധം പ്രവാചക വ്യക്തിത്വവും ആ വ്യക്തിത്വത്തിന്റെ സവിശേഷത



കളും കൃത്യമായി പഠിപ്പിക്കുകയും ചെയ്യുകയെന്നത് കാലഘട്ടം ആവശ്യപ്പെടുന്ന ധർമസമരമാണ്.

'അദ്ദേഹത്തിൽ (പ്രവാചകനിൽ) വിശ്വസിക്കുകയും അദ്ദേഹത്തിന് പിൻബലമേകുകയും, സഹായം നൽകുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ (ആ) പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ' എന്ന വചനത്തെ അന്വർഥമാക്കും വിധം പ്രവാചക മാതൃക പുൽകി അവിടുത്തെ പ്രവാചക പദവിയോടുള്ള നീതി പുലർത്തി മുന്നോട്ടുപോകാനും ഉദാത്തവും നിത്യപ്രസക്തവുമായ ആ മാതൃക ഉൾക്കൊണ്ട് ജീവിതം സാർഥകമാക്കാനും എല്ലാവരോടും സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ഇസ്‌ലാമിക സന്ദേശത്തിന്റെ യഥാർഥ പ്രബോധനം, ഇന്ത്യൻ സാഹചര്യത്തിൽ മാന്യമായി നടത്തിപ്പോന്ന മുജാഹിദ് പ്രസ്ഥാനം, ചരിത്രത്തിന്റെ താളുകളിലേക്ക് കൂട്ടിച്ചേർക്കാനായി 2008 ഫെബ്രുവരി ഏഴു മുതൽ പത്ത് കൂടിയ ദിവസങ്ങളിൽ 'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയവുമായി വയനാട്ടിലെ പനമരത്ത് സംഘടിപ്പിക്കുന്ന മഹാ സമ്മേളനത്തിൽ കുടുംബസമേതം സന്നിഹിതനാവാൻ താങ്കളെ സ്നേഹാദരങ്ങളോടെ ക്ഷണിക്കുന്നു.

അല്ലാഹു അനുഗ്രഹിക്കട്ടെ.

ISLAM FOR JUSTICE & GOODNESS

**MUJAHID 7th STATE CONFERENCE WAYANAD**

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org

**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-204604